LIBRARY ARCHIVES Kerala Legislative Assembly

വരൾച്ച കണക്കിലെടുത്ത് കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനായി ധനലഭ്യതയനുസരിച്ചായി താഴെ പറയുന്ന നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു :

1. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം
2. കേടായ പമ്പ്സെറ്റുകളുടെ അറ്റകുറ്റപ്പണികൾ
3. പമ്പ്സെറ്റുകൾ മാറ്റിവയ്ക്കുന്ന പണികൾ.
4. വാട്ടർലൈനുകളിലുള്ള ലീക്കുകൾ മാറ്റുക.
5. സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ ജലത്തിന്റെ ലഭ്യത അനുസരിച്ച് പൈപ്പ് ലൈനുകൾ നീട്ടുക.
6. തകരാറിലായ പൈപ്പ്ലൈനുകൾ മാറ്റുക.
7. ഡൈവേർഷൻ ചാനലുകൾ മുഖേന നീരൊഴുക്ക് വർദ്ധിപ്പിക്കുകയും സ്രോതസ്സുകളിലേയ്ക്ക് തിരിച്ചുവിടുകയും ചെയ്യുക.
8. ഇൻഫിൽട്രേഷൻ ഗാലറി, കിണറുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുകയും കുഴൽ കിണറുകൾ ഫ്ളഷ് ചെയ്യുകയും ചെയ്യുക.
9. വാൽവുകൾ നിയന്ത്രിച്ചും, പമ്പിംഗ് സമയം ക്രമീകരിച്ചും നിശ്ചിതസമയം കുടിവെള്ളം നൽകുക മുതലായവ.
10. ടാങ്കർ ലോറികൾ നിറയ്ക്കുന്നതിനായുള്ള ഔട്ട് ലെറ്റുകൾ സ്ഥാപിച്ചും താൽക്കാലിക തടയണ നിർമ്മിച്ചും ജലനിരപ്പ് ഉയർത്തി ജലലഭ്യത മെച്ചപ്പെടുത്തിയും നടത്തിവരുന്നു.

മഴവെള്ള സംഭരണി നിർമ്മാണം

150 (842) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാലയങ്ങളിലും പൊതുസ്ഥാപനങ്ങളിലും മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണ് വിശദമാക്കുമോ ;

(ഡി) വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

(ബി)

1. മഴവെള്ളം ശേഖരിച്ച് ഉപയോഗിക്കുന്ന ശീലം കുട്ടികളിൽ വളർത്തുക.
2. കുടിവെള്ളക്ഷാമം നേരിടുന്ന സ്കൂളുകൾക്ക് പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകുക.
3. വിദ്യാലയങ്ങളിലും പൊതു സ്ഥാപനങ്ങളിലും നിർമ്മിച്ചുനൽകുന്ന മഴവെള്ള സംഭരണികൾ മാതൃകാ യൂണിറ്റുകളായി നിൽക്കുന്നത് മഴവെള്ള സംഭരണവും ഉപയോഗവും എന്ന ആശയം പ്രചരിപ്പിക്കുന്നതിന് പ്രയോജനപ്പെടുന്നു.
4. മഴവെള്ള സംഭരണികളിൽനിന്നും നിറഞ്ഞ് കവിഞ്ഞ് ഒഴുകുന്ന മഴവെള്ളം അടുത്തുള്ള കിണറിലേക്കോ, ഭൂമിയിലേക്കോകടത്തിവിടുന്നപക്ഷം ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുവാൻ സാധിക്കുന്നു.
5. ലളിതമായ സാങ്കേതിക വിദ്യയിലൂടെ ആവർത്തന ചെലവില്ലാതെ മഴവെള്ളം സംഭരിച്ച് ഉപഗോയിക്കുവാൻ സാധിക്കുന്നു.
6. വൈദ്യുതി ഉപയോഗം കൂടാതെയുള്ള പദ്ധതിയാണ് മഴവെള്ള സംഭരണം.
7. മഴ ലഭിക്കുന്ന എല്ലാ അവസരങ്ങളിലും മഴവെള്ളം ശേഖരിച്ച് ഉപയോഗിക്കാവുന്നതാണ്. ആയതിനാൽ സ്രോതസ്സുകളിലെ ജലത്തിന്റെ ഉപയോഗം കുറയ്ക്കുകയും അത് സംരക്ഷിക്കുകയും ചെയ്യാവുന്നതാണ്.

(സി) വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചാണ് വിദ്യാലയങ്ങളിലെ മഴവെള്ള സംഭരണികൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. ഗ്രാമപഞ്ചായത്തുകളിൽ ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന മഴവെള്ള സംഭരണ പരിപാടി ഈ മേഖലയിൽ പരിചയ സമ്പന്നരായ സന്നദ്ധ സംഘടനകളുടെ സഹായത്തോടെയാണ് നടപ്പിലാക്കി വരുന്നത്.

(ഡി) 2014-15 വർഷത്തെ സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികൾ ഇവയാണ്.

- വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികൾ നിർമ്മിക്കുക.
- വിദ്യാലയങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് കൂടുതൽ ശേഷിയുള്ള മഴവെള്ള സംഭരണികൾ നിർമ്മിക്കുക.
- മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം ശേഖരിച്ച് ഇറങ്ങുന്ന കിണറുകളിലേയ്ക്ക് റീചാർജ് ചെയ്ത് ഭൂഗർഭ ജലവിതാനം ഉയർത്തുക.

കൊല്ലം നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

151 (843) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം നിയോജകമണ്ഡലത്തിൽ വരൾച്ചമൂലം ഉണ്ടാകുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചു എന്നറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ചെലവ് എത്രയെന്ന് അറിയിക്കുമോ ;

(സി) ആവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അനുവദിച്ച തുക എത്രയെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കൊല്ലം നിയോജകമണ്ഡലത്തിൽ വരൾച്ചമൂലം ഉണ്ടാകുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കേടായ പമ്പും മോട്ടോറും കേടുപാടുകൾ തീർത്ത് മാറ്റി സ്ഥാപിക്കുന്നതിനും പൈപ്പ് ലൈനുകളുടെ അറ്റകുറ്റപ്പണികൾ

LIBRARY ARCHIVES Kerala Legislative Assembly